**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 270** **15-02-2024 - ൽ മറുപടിയ്ക്ക്**

**ഹൗസിംഗ് ബോർഡ്-നാഷണൽ ബിൽഡിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ സംയുക്ത സംരംഭം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. വാഴൂർ സോമൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കൊച്ചി നഗരത്തിലെ മറൈൻ ഡ്രൈവിൽ കേരള ഹൗസിംഗ് ബോർഡും കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ നാഷണൽ ബിൽഡിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനും ചേർന്ന് കൊമേഴ്സ്യൽ കം റസിഡൻഷ്യൽ കോംപ്ലക്സ് സ്ഥാപിക്കുന്നത് സംബന്ധിച്ച് ധാരണപത്രം ഒപ്പുവച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. കൊച്ചി നഗരത്തിലെ മറൈൻ ഡ്രൈവിൽ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ ഒരു ബൃഹത് പദ്ധതി നടപ്പിലാക്കുന്നതിനായി കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ നാഷണൽ ബിൽഡിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനുമായി ചേർന്ന് സംസ്ഥാന ഭവന നിർമ്മാണ ബോർഡ് 31.01.2024-ന് ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ഏതെല്ലാം തരത്തിലുള്ള വിഷയങ്ങളിലാണ് ധാരണപത്രം ഒപ്പുവച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | ബോർഡും എൻ.ബി.സിസി (ഇന്ത്യ) ലിമിറ്റഡും സംയുക്തമായി പ്രസ്തുത സ്ഥലത്ത് പ്രാദേശിക നഗരാസൂത്രണ അധികാരികൾ യഥാവിധി അംഗീകരിച്ച വികസന പദ്ധതികൾ അനുസരിച്ച് സ്വയം സുസ്ഥിര മാതൃകയിൽ ഒരു പദ്ധതി നടപ്പിലാക്കുന്നതിനായിട്ടാണ് ധാരണാപത്രം ഒപ്പുവച്ചിട്ടുള്ളത്. വിവിധ വാണിജ്യ (ഓഫീസ്/ റീട്ടെയിൽ) ഇടങ്ങൾ, പാർപ്പിട ഇടങ്ങൾ അല്ലെങ്കിൽ ബാധകമായ വികസന മാനദണ്ഡങ്ങൾക്കനുസൃതമായി ഇവ രണ്ടും സംയോജിപ്പിച്ച് മാസ്റ്റർ പ്ലാനിംഗും മറ്റ് വികസന ആസൂത്രണവും നടത്തും. പദ്ധതിയുടെ നടത്തിപ്പ് നിരീക്ഷിക്കുന്നതിനും ഡിസൈൻ, ഡിസൈനുകളിലെ മാറ്റം, എസ്റ്റിമേറ്റുകൾ, വ്യതിയാനങ്ങൾ, വർദ്ധനവ്, BUA-കളുടെ യൂണിറ്റ് വിൽപ്പന വിലകൾ മുതലായവയ്ക്ക് ആവശ്യമായ അനുമതികൾ നൽകുന്നതിനും ധാരണാപത്രവുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ എടുക്കുന്നതിനുമായി ഒരു എംപവേർഡ് കമ്മിറ്റി രൂപീകരിക്കുന്നതാണ്. റെസിഡൻഷ്യൽ BUA-കളുടെ വിൽപന/ ലാൻഡ് പാഴ്സലുകൾ മോർട്ട്ഗേജിംഗ് / മറ്റ് പ്രായോഗിക മാർഗങ്ങൾ അല്ലെങ്കിൽ എംപവേർഡ് കമ്മിറ്റി |

| | | | |
|---|---|---|---|
| | | | തീരുമാനിക്കുന്നതിന്റെ അടിസ്ഥാനത്തിൽ പ്രോജക്റ്റിന്റെ മൊത്തം ചെലവ് കണ്ടെത്തുന്നതാണ്.<br><br>വിവിധ പഠനങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതിയുടെ വിശദമായ രൂപരേഖ എൻ.ബി.സി.സി. (ഇന്ത്യ) ലിമിറ്റഡ് തയ്യാറാക്കി എംപവേർഡ് കമ്മിറ്റിയുടെ അംഗീകാരം ലഭിക്കുന്നതനുസരിച്ച് പദ്ധതിയുടെ നിർമ്മാണം രണ്ട് ഘട്ടങ്ങളിലായി നടപ്പിലാക്കുന്നതാണ്. |
| (സി) | ഈ പദ്ധതിയുടെ പൂർത്തീകരണം ഹൗസിംഗ് ബോർഡിന്റെ ധനസ്ഥിതി മെച്ചപ്പെടുത്തുന്നതിന് സഹായിക്കുമോ; വിശദമാക്കുമോ; | (സി) | പ്രസ്തുത പദ്ധതിയിൽ 3,59,000 ച.അടി വിസ്തീർണമുള്ള വാണിജ്യ സമുച്ചയവും (ഓഫീസ് സ്പേസസ്, ബാങ്കിങ് ഹബ്ബ്, ഷോപ്പ്സ് എന്നിവ), 35,24,337 ച.അടി വിസ്തീർണമുള്ള റെസിഡൻഷ്യൽ കോംപ്ലക്സുകളും, ഇക്കോ ഫ്രണ്ട്‌ലി പാർക്കുകളും, 19,42,000 ച.അടി വിസ്തീർണമുള്ള പാർക്കിംഗ് ഫെസിലിറ്റിയും, ബാംബൂ ഫോറസ്റ്റിങ്ങും ഉൾപ്പെടുത്തിയിട്ടുണ്ട്. ഏകദേശം 2150 കോടി രൂപ നിർമ്മാണ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതിയിൽ നിന്നും കുറഞ്ഞത് 3650 കോടി രൂപയുടെ വരുമാനമാണ് പ്രതീക്ഷിക്കുന്നത്. 3,59,000 ച. അടി വിസ്തീർണമുള്ള വാണിജ്യ സമുച്ചയത്തിൽ നിന്നും ഭവനനിർമ്മാണ ബോർഡിന് വരുമാനം ലഭിക്കുന്ന രീതിയിലാണ് പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. |
| (ഡി) | ഹൗസിംഗ് ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലങ്ങളിൽ ഇത്തരം സംയുക്ത സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (ഡി) | ഭവന നിർമ്മാണ ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഒഴിഞ്ഞു കിടക്കുന്ന സ്ഥലങ്ങളിൽ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ